(ബി) റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിച്ചുകൊണ്ട് പി.എസ്.സി.-യുടെ നിർദ്ദേശം ഇതുവരെയും ലഭിച്ചിട്ടില്ല.

(സി) ഇല്ല.

(ഡി) പി. എസ്. സി. പരിഗണിക്കാത്ത സാഹചര്യത്തിൽ ബുദ്ധിമുട്ടുണ്ട്.

## വനിതാ പോലീസ് റാങ്ക് ലിസ്റ്റ് കാലാവധി ദീർഘിപ്പിക്കൽ

59 [872] ശ്രീമതി പി. കെ. ശ്രീമതിടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനിതാ പോലീസ് റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കണമെന്ന് ഗവൺമെന്റ് കേരളാ പബ്ലിക് സർവീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിരുന്നോ;

(ബി) എങ്കിൽ ഗവൺമെന്റ് നിർദ്ദേശം അംഗീകരിച്ചുകൊണ്ട് കേരളാ പബ്ലിക് സർവീസ് കമ്മീഷൻ ഗവൺമെന്റിന് നൽകിയ കത്തിന് ഗവൺമെന്റ് പി.എസ്.സി.-ക്ക് മറുപടി നൽകിയതെന്നാണെന്നും പ്രസ്തുത മറുപടി പി.എസ്.സി. ഓഫീസിൽ ലഭിച്ചതെന്നാണെന്നും വ്യക്തമാക്കുമോ;

(സി) റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞതിനുശേഷമാണ് പ്രസ്തുത മറുപടി ലഭ്യമായതെങ്കിൽ റാങ്ക് ലിസ്റ്റിന്റെ കാലാവധി ദീർഘിപ്പിക്കുവാൻ പബ്ലിക് സർവീസ് കമ്മീഷന് കഴിയുമോയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ ആന്റ് ബി) ഒരു പ്രത്യേക ലിസ്റ്റിന്റെ കാലാവധി നീട്ടണമെന്ന് സർക്കാർ കെ. പി. എസ്. സി.-യോട് ശുപാർശ ചെയ്തിട്ടില്ല. എന്നാൽ പൊതുവായി 5-2-2004-നും 3-4-2004-നും ഇടയിൽ കാലാവധി അവസാനിക്കുന്ന ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിക്കണമെന്ന് സർക്കാർ ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ കാലാവധി ദീർഘിപ്പിക്കാൻ സർക്കാർ കൈക്കൊണ്ട തീരുമാനം പി.എസ്.സി.അംഗീകരിച്ചിട്ടില്ല.

(സി) മുൻപ് 6-2-2002-ൽ കാലാവധി തീർന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി 5-2-2003 വരെ നീട്ടിക്കൊണ്ട് 7-9-2002-ലും 6-2-2003-ൽ കാലാവധി തീർന്ന റാങ്ക് ലിസ്റ്റുകളുടെ കാലാവധി 5-8-2003 വരെ നീട്ടിക്കൊണ്ട് 1-4-2003-ലും കമ്മിഷൻ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

## പൊതുനിരത്തിൽ പ്രകടനങ്ങളും പൊതുയോഗങ്ങളും നിരോധിക്കൽ

60 [875] ശ്രീ. വി. കെ. ചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോടതി വിധികളുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പൊതുനിരത്തിൽ പ്രകടനങ്ങളും പൊതുയോഗങ്ങളും നിരോധിക്കാൻ ആലോചിക്കുന്നുണ്ടോ;

(ബി) ഇക്കാര്യത്തിൽ ഏത് തരത്തിലുള്ള നിയന്ത്രണങ്ങളാണ് സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിയ്ക്കുന്നില്ല.

സെക്രട്ടേറിയറ്റിൽ നിന്നും സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥൻമാർ

61 [876] ശ്രീ. എ. എ. അസീസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ സെക്രട്ടേറിയറ്റിൽ നിന്ന് എത്ര ഉദ്യോഗസ്ഥൻമാരെ സസ്പെന്റ് ചെയ്തിട്ടുണ്ട്;

(ബി) അതിൽ എത്രപേരെ ഇനിയും തിരിച്ചെടുക്കുവാനുണ്ട്;

(സി) തിരിച്ചെടുക്കാത്ത ഓരോരുത്തരുടെയും മേൽ ചുമത്തിയിരിക്കുന്ന കുറ്റം എന്താണ്;

(ഡി) തിരിച്ചെടുക്കാത്ത ഓരോരുത്തരുടെയും മേൽ എടുത്ത ശിക്ഷാ നടപടി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഇ) രാഷ്ട്രീയ വൈരാഗ്യം വച്ച് നിരപരാധികളായ ഉദ്യോഗസ്ഥരെ പീഡിപ്പിക്കുന്നുവെന്ന് എന്തെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണ സെക്രട്ടേറിയറ്റിൽ നിന്നും 15 ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്തിട്ടുണ്ട്.

(ബി) സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥരിൽ 5 പേരെ ഇനിയും തിരിച്ചെടുക്കാനുണ്ട്.

(സി) സസ്പെന്റ് ചെയ്യപ്പെട്ട ഉദ്യോഗസ്ഥരിൽ ശിപായിമാരായ ശ്രീ. ഡി. രഘുവിന്റേയും, ശ്രീ. ഷംനാദിന്റേയും പേരിൽ പോലീസ് കേസ് നിലവിലുള്ളതിനാലും, സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റായ ശ്രീ. വി. എഫ്. മുഹമ്മദ് ഇക്ക്ബാലിന്റെ പേരിൽ പ്രധാനപ്പെട്ട ഒരു ഫയലിൽ യഥാസമയം നടപടി സ്വീകരിക്കാത്തതിനാലും രണ്ടാം ഗ്രേഡ് അസിസ്റ്റന്റായ ശ്രീ. എസ്. സന്തോഷ് കുമാറിന്റെ പേരിൽ ഫയലുകൾ നഷ്ടപ്പെട്ടതിനും, ഡെപ്യൂട്ടി സെക്രട്ടറിയായ ശ്രീ.പി. എ. ഷംസുദീന്റെ പേരിൽ സർക്കാരിലേയ്ക്ക് ബാറ്ററി വാങ്ങിയതിലെ ക്രമക്കേടുകൾ സംബന്ധിച്ച ആരോപണമുള്ളതിനാലുമാണ് സസ്പെന്റ് ചെയ്യപ്പെട്ടത്.

LIBRARY ARCHIVES Kerala Legislative Assembly